ശ്രീ. സി. കേശവൻ: അതു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ ടി. എ മൈതീൻകുഞ്ഞു: ഈ ക്ഷേത്രദഹനം സംബന്ധിച്ചു് ചീഫ്മിനിസ്റ്റർ "ഒരു ക്ഷേത്രം നശിച്ചാൽ അതുയും അന്ധവിശ്വാസം തീരും" എന്നു പ്രസ്താവിച്ചിട്ടുണ്ടോ?

Sri. C. Kesavan: I do not wish to answer that question.

Mr. Speaker: That question is disallowed.

ശ്രീ. മാന്നാർ ഗോപാലൻ നായർ: ഇത്രകാലത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കണമെന്നു് അവർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവരെ നിയമിച്ചിട്ടുള്ളതു ഫുൾടൈം വക്കേഴ്സായിട്ടാണോ?

ശ്രീ. സി. കേശവൻ: അതേ.

മണ്ണെണ്ണയും ധാതുക്കളും

*ശ്രീ. (ഫൻ) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഖനനവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എലവന്തിട്ടയിലുള്ള വ്യതോ മലയിൽനിന്നു് മണ്ണെണ്ണയും മറ്റു ചില ധാതുക്കളും എടുക്കാൻ സാധിക്കുന്നതാണെന്നുള്ള പത്രപ്രസ്താവനകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ചു വല്ല പര്യവേക്ഷണവും നടത്തണമെന്നു ഗവൺമെൻറാലോചിക്കുന്നുണ്ടോ;

(ബി) ഇതേ സംബന്ധിച്ചു് സെൻട്രൽ ഗവൺമെന്റിൽനിന്നും പര്യവേക്ഷണങ്ങൾ നടത്തുന്നതാണെന്നു തനിക്കു് അറിവുകിട്ടിയിട്ടുണ്ടോ എന്നു് ശ്രീ. ചിത്രമെഴുത്തു കെ. എം. വർഗ്ഗീസ് ഫൻ 6 ന 8ാം തീയതിയിലെ മലയാളമനോരമയിൽ എഴുതിയിരുന്ന ലേഖനം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതു സംബന്ധിച്ചു സെൻട്രലിൽനിന്നും ഈ ഗവൺമെന്റിലേക്കു് വല്ല അറിയിപ്പും ഉണ്ടായിട്ടുണ്ടോ?

വ്യവസായവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ):

(എ) ഉണ്ടു്; തൽക്കാലം ആലോചിച്ചിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്, അറിയിപ്പു് കുറും ഉണ്ടായിട്ടില്ല.

പബ്ലിക്കു് റിലേഷൻസു് ഡയറക്ടർ

*ശ്രീ. (വ 0) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടിനൽകുമോ.—

(എ) ഇപ്പോഴത്തെ പബ്ലിക്കു് റിലേഷൻസു് ഡയറക്ടർ ആരാണു്; അദ്ദേഹത്തെ ഈ സ്ഥാനത്തിൽ നിയമിക്കാനുണ്ടായ പ്രത്യേക കാരണങ്ങൾ എന്താണു്;

(ബി) മുൻ പബ്ലിക്കു് റിലേഷൻസു് ഡയറക്ടർ ശ്രീ. എം കെ. ദേവസ്സിയെ ആ സ്ഥാനത്തുനിന്നും മാറ്റുന്നതിനുള്ള കാരണമെന്തു്;

(സി) പബ്ലിക്കു് സപ്ലൈസുകമ്മീഷൻ ശ്രീ. എം. കെ. ദേവസ്സിയെ അല്ലെ തിരഞ്ഞെടുത്തതു്?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) മിസ്റ്റർ ദാമോദരൻ, സപ്ലീസിന്റെ ആവശ്യകതയെ പരിഗണിച്ചു.

(ബി) എ.യുടെ ഉത്തരം നോക്കുക.

(സി) അതേ.

ശ്രീ. അലക്സാണ്ടർ വാകയിൽ: പബ്ലിക്ക് റിലേഷൻസ് ഡയറക്ടരായി പബ്ലിക്ക് സപ്ലീസ് കമ്മീഷൻ തെരഞ്ഞെടുത്തതു മി. ദേവസ്സിയെ ആയിരുന്നില്ലേ? പിന്നെ അദ്ദേഹത്തെ ആ സ്ഥാനത്തുനിന്നും മാറ്റി ശ്രീ. ദാമോദരനെ നിയമിക്കുവാൻ കാരണമെന്താണു?

ശ്രീ. സി. കേശവൻ: പബ്ലിക്ക് സപ്ലീസ് കമ്മീഷൻ നിയമിക്കുന്ന ഉദ്യോഗസ്ഥന്മാർ ആയുഷ്കാലംവരെ അവിടെത്തന്നെ ഇരുന്നുകൊള്ളണമെന്നില്ല.

ശ്രീ. അലക്സാണ്ടർവാകയിൽ: മി. എം. കെ. ദേവസ്സി കൊച്ചിവിഭാഗത്തിൽ പബ്ലിക്ക് റിലേഷൻസ് ഡയറക്ടരായി പ്രശസ്തമായ സേവനം നിർവഹിച്ചിരുന്ന ആളാണെന്നറിയാമോ?

Mr. Speaker: That is a matter of opinion.

മെഡിക്കൽ കാളേജിലേക്കുള്ള തിരഞ്ഞെടുപ്പു്

* ൧൮൫. (൨൮) ശ്രീ. അലക്സാണ്ടർവാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മെഡിക്കൽ കാളേജിലേക്കുള്ള പ്രവേശനത്തിനു എത്ര അപേക്ഷകന്മാരുണ്ടായിരുന്നു; എത്രപേർ തിരഞ്ഞെടുക്കപ്പെട്ടു;

(ബി) ആരാണു് തിരഞ്ഞെടുപ്പു് നടത്തിയതു;

(സി) ഏതു് തത്വത്തെ അടിസ്ഥാനമാക്കിയാണു് തിരഞ്ഞെടുപ്പു് നടത്തിയതു;

(ഡി) ഫിസിക്കൽ എക്സർസൈസിനു എത്ര മാർക്കാണു് മാക്സിമം നിശ്ചയിച്ചിരുന്നതു; മാക്സിമം മാർക്കു് എത്രപേർക്കു് കൊടുത്തു; അവർ ആരെല്ലാം;

(ഇ) കമ്പളങ്ങി സ്വദേശിയായ എ. എച്ചു്. വെങ്കിടേശ്വരക്ഷേണായി എന്ന അപേക്ഷകനു സബ്ജക്റ്റ്സിൽ എത്രമാർക്കു് ലഭിച്ചിരുന്നു; ഫിസിക്കൽ എക്സർസൈസിനു എത്ര മാർക്കാണു് കുറയ്ക്കാൻ കൊടുത്തതു;

(എഫ്) എന്തുകൊണ്ടാണു് ഈ അപേക്ഷകൻ തിരഞ്ഞെടുക്കപ്പെടാതിരുന്നതു;

(ജി) സമുദായം തിരിച്ചു തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരു് വായിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ആകെപ്പാടെ കിട്ടിയിട്ടുള്ള അപേക്ഷകരും നൂറു്, അംഗീകരിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം ൪൫, തിരഞ്ഞെടുത്തതു ൩൦ പേരെ.

(ബി) ചീഫ് സെക്രട്ടറി, യൂണിവേഴ്സിറ്റി രജിസ്ട്രാർ, സർജൻജനറൽ, പബ്ലിക്ക് ഹെൽത്തു ഡയറക്ടർ, പ്രിൻസിപ്പാൾ ഇവരുൾപ്പെട്ട സെലക്ഷൻ ബോർഡ്.

(സി) യോഗ്യതയെ അടിസ്ഥാനപ്പെടുത്തി ൫൦ ശതമാനവും, പരിക്ഷായോഗ്യതകളും മറ്റുയോഗ്യതകളും അടിസ്ഥാനപ്പെടുത്തി ൫൦ ശതമാനവും.

LIBRARY ARCHIVES Kerala Legislative Assembly